No.AWWF/PCL3/89/2020

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ്
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
Email: awwfkerala@gmail.com
ഫോൺ : 0471- 2342433
തീയതി : 2/02/2021

# പരിപത്രം

അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ സ്വീകരിക്കുന്ന വിരമിച്ച വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ബാങ്ക് അക്കൗണ്ടുകൾ മിക്കതും സീറോ ബാലൻസ് അക്കൗണ്ടുകളാണെന്നത് ശ്രദ്ധയിൽപെട്ടിരിക്കുന്നു. അപ്രകാരം തന്നെയാണ് പുതുതായി പെൻഷന് അപേക്ഷിക്കുന്നവരുടേയും അക്കൗണ്ടുകൾ. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകളിലെ ബാലൻസ് തുക ഒരു മാസത്തിൽ 50,000 രൂപയിൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധന നിലവിലുള്ളതിനാൽ പെൻഷൻ ആനുകൂല്യങ്ങളും പെൻഷനും അനുവദിക്കുന്നതിൽ നിക്ഷേപ പരിധി അധികരിക്കുന്ന കേസുകളിൽ ക്ഷേമനിധി അക്കൗണ്ടിലേയ്ക്ക് തുക തിരികെ ക്രെഡിറ്റ് ആകുന്നത് നിത്യ സംഭവമാകുകയാണ്. ഇത് ബന്ധപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുത്തുന്നത് കൂടാതെ ക്ഷേമനിധി അക്കൗണ്ട് ക്രമീകരിക്കുന്നത് ശ്രമകരമാക്കുകയാണ്. ഈ സാഹചര്യത്തിൽ നിലവിലെ അങ്കണവാടി പെൻഷൻകാർ, പുതിയ പെൻഷൻ/ അപേക്ഷകൾ, രാജിവച്ചവർ മരണാനുകൂല്യം ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരുടെയും ബാങ്ക് അക്കൗണ്ടുകൾ നിക്ഷേപ പരിധിയില്ലാത്ത സേവിംഗ് അക്കൗണ്ടകുൾ ആക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരോടും നിർദ്ദേശിക്കുന്നു. കൂടാതെ മേലിൽ ജില്ലാ ശിശു വികസന ഓഫീസർമാർ അയക്കുന്ന അപേക്ഷകളിൽ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച ഒരു സാക്ഷ്യപത്രം കൂടി ശിശു വികസന പദ്ധതി ഓഫീസർമാർ ഉൾപ്പെടുത്തേണ്ടതും ആയത് ജില്ലാ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ

**എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും**
**എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും**